(ബി) ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചോ എന്ന് വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ കാരണം എന്താണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 20-8-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.)557/2010/ആ.കു.വ. പ്രകാരം ഇരിക്കൂർ പ്രൈമറി ഹെൽത്ത് സെന്റർ സി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്.

തൃത്താല മണ്ഡലത്തിലെ സി.എച്ച്.സി.-കൾ

25 (1747) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പി.എച്ച്.സി./ ബി.പി.എച്ച്.സി.കളെ സി.എച്ച്.സി. ആയി ഉയർത്തി ; ഇതിന്റെ ജില്ലതിരിച്ചുള്ള പൂർണ്ണവിവരം വ്യക്തമാക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ സി.എച്ച്.സി ആയി ഉയർത്തപ്പെട്ട സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിന് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ പൂർണ്ണ വിവരം വിശദമാക്കുമോ ;

(സി) തൃത്താല മണ്ഡലത്തിൽ സി.എച്ച്.സി ആയി ഉയർത്തപ്പെട്ട സ്ഥാപനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ ആവശ്യമായ ജീവനക്കാരെ വ്യത്യസ്ത വിഭാഗങ്ങളിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ; പ്രസ്തുത സ്ഥാപനങ്ങൾ സി.എച്ച്.സി. ആയി പൂർണ്ണതോതിൽ പ്രവർത്തിക്കാൻ ആവശ്യമായ കെട്ടിടങ്ങൾ അടക്കമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം (എ)-യിൽ ചേർത്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ സി.എച്ച്.സി.-കളായ നെന്മാറ, നന്തിയോട്, ആലത്തൂർ, കുഴൽമന്ദം, വടക്കാഞ്ചേരി, എലപ്പുള്ളി, അമ്പലപ്പാറ, കടമ്പഴിപ്പുറം, കൊടുവായൂർ, ചെർപ്പുളശ്ശേരി, അഗളി, അലനല്ലൂർ എന്നിവിടങ്ങളിൽ എൻ.ആർ.എച്ച്.എം. മുഖേന വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (ബി) യിൽ ചേർത്തിട്ടുണ്ട്.

(സി) ജീവനക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും എൻ.ആർ.എച്ച്.എം. മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. നിലവാരം ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly